## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.12 — 09.06.2014 ൽ മറുപടിക്ക്

### ജനസമ്പർക്ക പരിപാടി

ചോദ്യം

ശ്രീ. വി.പി.സജീന്ദ്രൻ
'' ജോസഫ് വാഴക്കൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ലൂഡി ലൂയിസ്

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണ രീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ആയത് സംബന്ധിച്ച് യു.എൻ. ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാ മായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ:<br><br>(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി. തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?. | എ)+(ബി)+(സി)<br>ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠം ഉൾക്കൊള്ളുകയും ചെയ്യുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്ര സഭയുടെ UN Public Service Award കിട്ടിയിട്ടുണ്ട്. ആയതു സംബന്ധിച്ച് UNDP- Director ജെറാൾഡീൻ ജെ.ഫ്രെയ്സർ മോളിക്കേറ്റി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.<br><br>• ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും രാജ്യങ്ങൾക്ക് ഇവിടെ നിന്നും പഠിക്കാനുണ്ട്. |

......2

| | |
|---|---|
| | • ജനസമ്പർക്ക പരിപാടി, നേതാക്കളോടും ഉയർന്ന ഉദ്യോഗസ്ഥരോടും ജനങ്ങൾക്ക് നേരിട്ട് ഇടപെടാനുള്ള ജനങ്ങളുടെ അവകാശത്തിന്റെ സാക്ഷാത്കാരമായി മാറി.<br><br>• കേരളത്തിൽ നിന്നുള്ള ഈ പാഠം മറ്റ് വികസ്വര രാജ്യങ്ങൾക്ക് പ്രയോജന പെടുത്താൻ UNDP - ക്ക് താത്പര്യമുണ്ടെന്നും അവർ അറിയിച്ചു.<br><br>പ്രസ്തുത ഭരണ രീതി പഠിക്കുവാൻ UNDPക്ക് താല്പര്യമുണ്ടെന്നും അതിനായി കേരളം സന്ദർശിക്കാമെന്നും അവർ അറിയിച്ചിട്ടുണ്ട്. |

Kulakul

സെക്ഷൻ ഓഫീസർ